# G H S S PRAPOIL

# DIGITAL MAGAZINE - 2020



# ജാലകത്തിലെ നേർക്കാഴ്ചകൾ





# നമ്മുടെ പ്രധാനാധ്യാപിക

**ആശംസ......**


**ലോകജനതയെ ഒന്നിപ്പിക്കാൻ സഹായിക്കുന്ന ഏക ഉപാധിയാണ് മാധ്യമങ്ങൾ. വിരൽത്തുമ്പിലേക്ക് ഒതുങ്ങി കൂടിയ മാധ്യമ ലോകത്തെ ആന്തരികമായ ഉൾക്കണ്ണോടു കൂടി വിവര സാങ്കേതികത്വത്തിലേക്ക് നയിക്കുന്നതിൻെറ ഭാഗമായി കേരള സർക്കാരിൻെറ വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ നടത്തി വരുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. അതിൻെറ പ്രവർത്തനം സ്കൂളുകളിൽ സജീവമാണ്. കുട്ടികളുടെ വിവര വിനിമയ സാങ്കേതിക വിദ്യയിലെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള സുവർണ്ണാവസരമാണ് ഇത്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. അവർക്ക് എല്ലാ ആശംസകളും അറിയിക്കുന്നു.**





**ബെറ്റി ജോർജ്ജ്**

**ജി എച്ച് എസ് എസ് പ്രാപ്പൊയിൽ**

# Editorial Board
























































**കുഞ്ഞു മനസ്സുകളിലെ സർഗ്ഗഭാവനകൾ ഇതൾ വിരിയുന്ന സുന്ദര നിമിഷം! വാക്കുകളും വർണ്ണങ്ങളും ആശയങ്ങളും കൊണ്ട് തീർത്ത എളിയ ഒരു ഡിജിറ്റൽ മാഗസിൻ..... ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അധ്യാപകർക്കും**


**നന്ദി...നന്ദി...നന്ദി...**

**എഡിറ്റോറിയൽ ബോർഡ്**



# താളുകളിലൂടെ


1. സ്വാഗത ഗാനം .......................... 7
2. വായനയുടെ ലോകം ................... ലേഖനം 8
3. മാതൃസ്പർശം ................................ കഥ 12
4. അവൾ ......................................... കഥ 15
5. സൂര്യൻ ........................................ കവിത 18
6. ഓർമ്മക്കാലം ............................... കവിത 19
7. RAIN ........................................ Poem 20
8. എന്റെ സ്വപ്നം ................................ കവിത 21
9. RAIN DROPS.......................... Poem 22
10. രവീന്ദ്രനാഥ ടാഗോർ ............................ 23
11. നാടൻ കലാരൂപം ................................ 24
12. പഴഞ്ചൊല്ലുകൾ ....................................... 25
13. ഗണിതക്വിസ്സ് ......................................... 27
14. പൊതുവിജ്ഞാന ചോദ്യങ്ങൾ ................ 29
15. വരകളും വർണ്ണങ്ങളും ............................ 31
16. നന്ദി .................................................... 32




# സ്വാഗത ഗാനം

ജൂൺ മാസപുലരിയിങ്ങ് വന്നല്ലോ ആഹാ വന്നല്ലോ
പുതുവർണ്ണ പൂത്തുമ്പികളേ പൂത്തുമ്പികളേ
സ്വാഗതം സുസ്വാഗതം സുസ്വാഗതം
അക്ഷരമുറ്റത്തറിവിൻ മുത്തുകൾ
തേടി വരുന്നവരേ തേടി വരുന്നവരേ
പുതുലോകത്തെ പുതുവർണ്ണത്തെ
പുണരാൻവന്നവരേ പുണരാൻവന്നവരേ
സ്വാഗതം സ്വാഗതം സ്വാഗതം
വിജ്ഞാനച്ചെപ്പു തുറന്ന്
പുതുലോക സൃഷ്ടിക്കായി
പല വർണ്ണ പൂത്തുമ്പികളായി
പറന്നു വന്നവരേ പറന്നു വന്നവരേ
സ്വാഗതം സ്വാഗതം സ്വാഗതം
കാർമേഘ ചുരുളലയിലെ താളമേളം താളമേളം
വർണ്ണക്കൊടി തോരണങ്ങളാൽ
ആർപ്പുമേളം ആർപ്പുമേളം
മായാലോകം വർണ്ണലോകം ഞങ്ങളൊരുക്കി
നിങ്ങൾക്കായി പുതിയൊരു പൂക്കാലം
അക്ഷര അറിവിൻ പൂക്കാലം
സ്വാഗതം സ്വാഗതം സ്വാഗതം
സ്നേഹാർദ്ര കൂടിച്ചേരലിനൊത്തു വിളിക്കുന്നേ
ഞങ്ങൾ സ്വാഗതമോതുന്നേ
പുതു സ്വാഗതമോതുന്നേ

**അനിത കെ, HST Malayalam**

# വായനയുടെ ലോകം

മനുഷ്യനെ എല്ലാ അർത്ഥത്തിലും പൂർണ്ണനാക്കുന്ന അടിസ്ഥാനപരമായ ഒരു ഘടകമാണ് വായന. വായന മരിച്ചാൽ ജീർണ്ണിച്ച മനീഷയുള്ള വെറുമൊരു മാംസപിണ്ഡം മാത്രമായി മനുഷ്യൻ അവശേഷിക്കും. സമൂഹത്തിന്റെ ഇച്ഛകളേയും കാഴ്ചപാടുകളേയും മുന്നേറ്റത്തേയും കുറിച്ച് ദീർഘവീക്ഷണമുള്ള ഒരു വ്യക്തിക്ക് കൃത്യമായ ലക്ഷ്യത്തോടെ ചില പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും. മാറിവരുന്ന സാമൂഹികാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ തരത്തിൽ വ്യക്തിയെയോ സമൂഹത്തെയോ പാകപ്പെടുത്തിയെടുക്കാൻ നല്ല ഒരു വായനക്കാരന് കഴിയും. വായന എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു വ്യക്തിയുടെ ബുദ്ധിമണ്ഡലത്തിന്റെയും സാംസ്കാരിക മണ്ഡലത്തിന്റെയും ശുദ്ധീകരണമാണ്. മനസ്സിലും ചിന്തയിലും കടന്നുകൂടിയിട്ടുള്ള മലീമസമായ അഗ്രഹങ്ങളുടെയും വികാരങ്ങളുടെയും കഴുകിക്കളയലാണ് എന്ന് വരുമ്പോൾ വായനകൊണ്ട് ഉദ്ദേശിക്കുന്ന അർത്ഥതലങ്ങളുടെ വിശാലത നമുക്ക് അളക്കാവുന്നതിലും വലുതാണ്. എനിക്ക് നല്ല പുസ്തകങ്ങൾ സമ്മാനിക്കുന്നവരാണ് എന്റെ ഏറ്റവും നല്ല അടുത്ത സുഹൃത്തുക്കൾ എന്നാണ് എബ്രഹാം ലിങ്കൺ അഭിപ്രായപ്പെട്ടത്. ഒരു രാജ്യത്തിന്റെ നയങ്ങളെ മാറ്റിമറിക്കാൻ കെല്പുള്ള ചില ചിന്തകൾ സമ്മാനിക്കുന്ന പുസ്തകങ്ങളേക്കാൾ വിലപിടിപ്പുള്ള ഒരു സൗഹൃദലോകം വേറയില്ല എന്ന തിരിച്ചറിവുകൊണ്ടാണ്. അദ്ദേഹത്തെ ആ തിരിച്ചറിവിലേക്ക് നയിച്ചത് വായനയുടെ മഹാലോകം തന്നെയല്ലേ?

അറിവുനേടാൻ മാത്രമുള്ള ഒരു മാനസിക പ്രക്രിയയായി വായനയെ കാണാൻ പറ്റില്ല. വായനയിൽ കൂടി ലഭ്യമായ ചില ശ്രേഷ്ഠമായ ഗുണങ്ങളെ

തലമുറകളിലേക്കു വ്യാപിപ്പിക്കാനും മനുഷ്യന് കഴിയണം. പ്രവാചകനായ മുഹമ്മദ് നബി വിദ്യാഭ്യാസത്തിന് നൽകിയ വചനങ്ങളിൽ ശ്രദ്ധേയമായ ഒന്ന് അതിന് ഉദാഹരണമാണ്. "വിദ്യയനുസരിച്ച് തന്റെ സഹോദരന് അത് പഠിപ്പിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമായ ദാനധർമ്മം" എന്ന്. ഈ തരത്തിൽ വായനയെ പഠിക്കുമ്പോൾ മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന സദ്ഗുണങ്ങളുടെ വളർച്ചയെ പരിപോഷിപ്പിക്കുന്ന ഏറ്റവും മഹത്തായ ഒരു പ്രവർത്തനമായി വായനയെ കണക്കാക്കാം. സരസകവിയായ കുഞ്ഞുണ്ണിമാസ്റ്റർ വായനയെ കണ്ടത് മനുഷ്യന്റെ ബുദ്ധിപരമായ വിളവിന്റെ വളർച്ചയായാണ്. വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും. വായിച്ച വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും എന്ന് ലോകത്തോട് പറയുമ്പോൾ വായനയില്ലാതായാലുണ്ടാകുന്ന വളവ് ഒരിക്കലും നിവരില്ല എന്ന സത്യത്തിലേക്കല്ലേ?

വായനയുടെ ശാസ്ത്രീയത ലോകത്തിനു മുന്നിൽ അവതരിപ്പിച്ചത് ജന്നീചാലിന്റെ ലേണിംഗ് ഓഫ് റീഡ്, ദ ഗ്രേററ് ഡിബേററ് (1967) എന്ന പുസ്തകം പുറത്തുവന്നതോടെയാണ്. അക്ഷരം പഠിച്ചാൽ വായനയുടെ പ്രാരംഭഘട്ടം തരണം ചെയ്യാമെന്നാണ് അദ്ദേഹം കരുതിയിരുന്നത്. പിന്നീട് വായനയ്ക്ക് ചില നിയമങ്ങൾ രൂപപ്പെട്ടു.ഉച്ചാരണസ്ഫുടതയ്ക്ക് അമിത പ്രാധാന്യം നൽകി കൊണ്ട് അധ്യാപകർക്ക് ചില നിർദ്ദേശങ്ങൾ കൊടുത്തു. എന്നാൽ ഗസ്റ്റാൾട്ട് മനശാസ്ത്രത്തിന്റെ സമഗ്രദർശനത്തിന്റെ സ്വാധീനത്താൽ ജന്നീചാലിന്റെ മാത്രമല്ല മിക്ക ലിങ്കസ്ററിക് ശാസ്ത്രജ്ഞരുടെയും വായനയെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിൽ മാറ്റം വന്നു. ശിശുക്കൾ സംസാരിക്കാൻ പഠിക്കുന്നത് ആരും ഭാഷണനിയമങ്ങൾ പഠിപ്പിച്ചതുകൊണ്ടല്ല. അതു പോലെ ബോധപൂർവ്വം പഠിപ്പിക്കാതെ തന്നെ അവർ നല്ല വായനക്കാരായി മാറും എന്നുള്ളത് തെളിയിക്കപ്പെട്ടു. വായന പ്രത്യേകം ശ്രദ്ധ പതിയേണ്ട

മേഖലയാണ്. അർത്ഥം മനസ്സിലാക്കി ഒഴുക്കോടെ വായിക്കാനുള്ള ശേഷി നേടണം. സ്വാമി വിവേകാനന്ദൻ ഒരിക്കൽ ഒരു പുസ്തകമെടുത്ത് പേജുകൾ മറിച്ചു നോക്കിമാറ്റിവച്ചു. മറ്റൊരു പുസ്തകമെടുത്ത് പേജുകൾ മറിച്ചു നോക്കി മാറ്റി വെക്കുന്നു. ഇതു കണ്ടപ്പോൾ ഒരാൾ സ്വാമിജിയോട് ചോദിച്ചു പുസ്തകത്തിൽ എന്തെങ്കിലും വെച്ച് മറന്നുപോയോ? "ഞാനീ പുസ്തകങ്ങൾ വായിക്കുകയായിരുന്നു" എന്ന്. ഇതു പോലെ ഒറ്റ നോട്ടത്തിൽ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയത്തക്കരീതിയിൽ വേഗത്തിൽ അർത്ഥം മനസ്സിലാക്കി വായിക്കാൻ കഴിഞ്ഞാൽ ഒരു പുസ്തകത്തിന്റെ പേര് സൂചിക്കപ്പെടുമ്പോൾ തന്നെ അതിലെ ഉള്ളടക്കവും എന്തായിരിക്കും എന്ന് എകദേശ ധാരണയിലെത്താൻ നമുക്ക് സാധിക്കും.

ബുദ്ധിമണ്ഡലത്തിന്റെ ചക്രവാളസീമകളെപ്പോലും വികസിപ്പിക്കുന്ന ഒരു മാനസിക പ്രക്രിയായി വായനയെ വിലയിരുത്തുമ്പോൾ ആശയസംഘട്ടനങ്ങളുടെ നൈരന്തര്യത്തിനൊടുവിൽ വിശാലമായ ഒരു ആസ്വാദനലോകം വായനക്കാരന്റെ മനസ്സിൽ രൂപപ്പെടുത്താൻ വായനയ്ക്ക് സാധിക്കുന്നു എന്നുകൂടി നാം വായിക്കേണ്ടതുണ്ട്. ഭൗതികതക്കപ്പുറത്ത് ആത്മീയതയുടെ സുസ്ഥാപനം നടക്കുമ്പോഴാണ് ഒരു വ്യക്തിയിലെ ഈശ്വരഗുണങ്ങൾ പ്രകടമാവുക. അലിഖിതമായ ചില സാമൂഹികനിയമങ്ങൾക്ക് മാനവിക ഗുണത്തേക്കാൾ ദൈവിക ഗുണമുണ്ടായിരിക്കും. ഈ മാനവിക ഗുണംപോലും നേടാത്തവൻ മൃഗത്തിന് തുല്യമായിരിക്കും. അതുകൊണ്ടാണ് വിശ്വപ്രസിദ്ധനായ എഴുത്തുകാരൻ ഷേക്സ്പിയർ വായനയെക്കുറിച്ച് ഇങ്ങനെ പറഞ്ഞത് പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ് എന്ന്. ഈ മൃഗീയത ഇന്ന് നമ്മുടെയിടയിൽ കൂടിക്കൂടി വരികയാണ്. അതിന് പ്രധാനകാരണം വായനയുടെ അഭാവം തന്നെയാണ്. ആധുനിക ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ അമിതമായ കടന്നുകയറ്റം നമ്മിലെ വായനാഗുണം

നശിപ്പിച്ച എന്നു മാത്രമല്ല നമ്മിലെ പൈശാചിക സ്വഭാവത്തിന്റെയും വായനകൊണ്ട് നേടിയ സംസ്കാരത്താൽ നിയന്ത്രിച്ച നിർത്തിയിരുന്ന ലൈംഗികതൃഷ്ണകളുടേയും മൃഗീയമായ വളർച്ചയ്ക്ക് പ്രചോദനമാവുകയും ചെയ്തു. മാത്രമല്ല, നമുക്കിടയിൽ വിഷാദരോഗികളുടെയും അലസന്മാരുടെയും ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കാനും ഈ മാധ്യമങ്ങളുടെ സ്വാധീനം കാരണമായി. ഈ അലസതയകറ്റി ഊർജ്ജസ്വലമായ ഒരു തലമുറ ഇനി ഇവിടെ പിറക്കേണ്ടതുണ്ട്. അതിന് നാന്ദി കുറിക്കേണ്ട സമയമായി. മാത്രമല്ല, മനുഷ്യനെയും അവന്റെ പ്രശ്നങ്ങളെയും തികച്ചും മാനുഷിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ അളക്കാൻ മാത്രം സമ്പന്നമായ ബുദ്ധിശക്തിയും ഇച്ഛാശക്തിയുമുള്ള ഒരു തലമുറയെ പുത്തൻ വായനാലോകത്തിന് സൃഷ്ടിക്കാൻ കഴിയണം. വായനയുടെ ലോകം വിശാലമാണ്. അവിടെ സങ്കുചിതത്വത്തിന് സ്ഥാനമില്ല. അതുകൊണ്ട് വായന മരിക്കാതിരിക്കട്ടെ...............

**അനിലൻ എൻ**

HST MALAYALAM



# മാതൃസ്പർശം

ചൂളം വിളിച്ച പായുന്ന തീവണ്ടിയിലൂടെ ഒരു കുട്ടി പാട്ട് പാടി നടക്കുന്നു. അവന്റെ കണ്ഠത്തിലൂടെ ഒഴുകി വരുന്ന മധുരമായ ഗാനത്തിൽ അവന്റെ സങ്കടങ്ങളെല്ലാം നിഴലിച്ചിരുന്നു. അവന്റെ കണ്ണുകൾ ഇടുങ്ങിയിരുന്നു. അവനെ കണ്ടാൽ ദിവസങ്ങളായി ഉറങ്ങാത്തവനായി തോന്നും. എല്ലാവരുടേയും മുൻപിൽ തന്റെ കരങ്ങൾ നീട്ടി ഭക്ഷണത്തിനായി അവൻ യാചിക്കുന്നു. എന്നാൽ ആരും അവന് ഭക്ഷണം നൽകാൻ തയ്യാറായില്ല. അവൻ ഒരു സ്ത്രീയുടെ മുൻപിൽച്ചെന്ന് കൈകൾ നീട്ടി. അവൻ തലയുയർത്തി ആ സ്ത്രീയെ നോക്കി. അപ്പോൾ അവന് തന്റെ അമ്മയെ ഓർമ്മ വന്നു. അവന്റെ മിഴികളിൽ നിന്ന് കണ്ണുനീർ പൊഴിയുവാൻ തുടങ്ങി. ആ സ്ത്രീ അവനോട് ചോദിച്ചു. മോനേ നീ എന്തിനാണ് കരയുന്നത്? അവൻ മറുപടി ഒന്നും പറയാതെ കരഞ്ഞുകൊണ്ടിരുന്നു. ആ സ്ത്രീക്ക് അവനോട് സഹതാപം തോന്നി. അടുത്ത സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ കുട്ടിയേയും കൂട്ടി ആ സ്ത്രീ ഒരു ഹോട്ടലിലേക്ക് പോയി. അവൾ ചോദിച്ചു. എന്താണ് കഴിക്കാൻ വേണ്ടത്. അവൻ ഒന്നും മിണ്ടാതെ

കരഞ്ഞുകൊണ്ടിരുന്നു. ആ സ്ത്രീ വെയ്റ്ററെ വിളിച്ച് ഒരു ബിരിയാണിക്ക് ഓർഡർ കൊടുത്തു. ബിരിയാണി കണ്ടപ്പോൾ അവന്റെ ചുണ്ടുകളിൽ ഒരു ചെറിയ പുഞ്ചിരി വിടർന്നു. അവൻ ആ ബിരിയാണി ആർത്തിയോടെ തിന്നാൻ തുടങ്ങി. ആ സ്ത്രീ ആ സമയം  അവനെ തന്നെ നോക്കിക്കൊണ്ടിരുന്നു. കഴിച്ചു കഴിഞ്ഞപ്പോൾ അവനോട് ആ സ്ത്രീ വീണ്ടും ചോദിച്ചു. ഇനി എന്തെങ്കിലും വേണോഅപ്പോഴും അവൻ ഒന്നും മിണ്ടിയില്ല. ആ സ്ത്രീ രണ്ട് ഐസ്ക്രീം ഓർഡർ ചെയ്തു. അത് വന്നപ്പോൾ അതിൽ ഒരെണ്ണം അവൻ കഴിച്ചു. എന്നിട്ട് മറ്റേ ഐസ്ക്രീമിലേക്ക് നോക്കിക്കൊണ്ടിരുന്നു. ആ സ്ത്രീ അവനോട് ചോദിച്ചു. എന്താ ഇങ്ങനെ നോക്കുന്നത്? അവൻ പറഞ്ഞു. എനിക്ക് ഇതും കൂടി തരുമോ? ആ സ്ത്രീ സ്നേഹത്തോടെ തന്റെ ഐസ്ക്രീമും കൂടി അവന്റെ മുൻപിലേക്ക് നീക്കി വച്ചു. അവൻ അതും കഴിച്ചു. ബില്ല് തീർത്ത് അവർ രണ്ടുപേരും അവിടെ നിന്നിറങ്ങി നടന്നു. അവൻ ആ സ്ത്രീയോട് നന്ദി പറഞ്ഞു. അപ്പോൾ ആ സ്ത്രീ അവനോട് ചോദിച്ചു."മോന്റെ അമ്മയും അച്ഛനും എവിടെ?” അപ്പോൾ അവൻ വീണ്ടും കരയുവാൻ തുടങ്ങി. അവൾ ചോദിച്ചു. “എന്തിനാണ് കരയുന്നത്.?” അവൻ പറഞ്ഞു. എന്റെ അച്ഛനും അമ്മയും മരിച്ചു.” ആ സ്ത്രീ ചോദിച്ചു.

“അപ്പോൾ മോനെവിടെയാണ് താമസിക്കുന്നത്?.” അവൻ ആ സ്ത്രീയുടെ കൈപിടിച്ച് വലിച്ചുകൊണ്ട് ഒരു പുഴയുടെതീരത്ത് എത്തി. മാലിന്യങ്ങൾ നിറഞ്ഞ, മനുഷ്യർ വലിച്ചെറിഞ്ഞ ചീഞ്ഞളിഞ്ഞ അഴുക്കുകൾ കൈകൊണ്ട് തട്ടിമാറ്റി അവൻ ഒരു വലിയ കുഴൽ കാണിച്ചുകൊടുത്തു. ആ സ്ത്രീയുടെ കണ്ണുകൾ നിറഞ്ഞു. അവൾ ചോദിച്ചു "ഇവിടെയാണോ മോൻ കിടക്കുന്നത്" അവൻ തലയാട്ടുക മാത്രം ചെയ്തു. ആ സ്ത്രീ കണ്ണുകൾ തുടച്ച് അവന്റെ തോളത്ത് മൃദുലമായി തട്ടി അവനോട് ചോദിച്ചു. “എൻെറ കൂടെ പോരുന്നോ?” അവന്റെ മുഖം പ്രകാശിച്ചു. അവൻ പറഞ്ഞു . “ഞാൻ വരാം”. അവൻ പ്രതീക്ഷയോടെ അവരോടൊപ്പം നടന്നു നീങ്ങി.

**ലിബിൻ ടി**

**IX A**

# അവൾ

അവളൊരു പാവമായിരുന്നു. അവളുടെ സൗന്ദര്യം കൊണ്ടല്ല അയാൾ അവളെ സ്വീകരിച്ചത്. മനസ്സിന്റെ ശുദ്ധി കൊണ്ടായിരുന്നു. അവർക്ക് മക്കളില്ല. അവൾക്കോ പഠിപ്പുമില്ല. പ്രണയ വിവാഹമായതിനാൽ ഇരുവരുടെയും കുടുംബങ്ങൾ തമ്മിൽ അടുപ്പമില്ല. അവൾക്ക് അയാളും അയാൾക്ക് അവളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്നയാളും അവൾക്കില്ല. അന്നും പതിവുപോലെ കാപ്പിയുമായി അവൾ ചെന്നു. അയാൾ ഉറങ്ങുകയാണ്. ഇന്നലെ എന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അതിന്റെ ക്ഷീണവും ടെൻഷനും ഉണ്ടാകും. ഉറങ്ങിക്കോട്ടെ, അവൾ കാപ്പി അവിടെ വച്ച് അകത്തേക്കു പോയി. എന്നാൽ മണി പത്തു കഴിഞ്ഞു. അയാൾഎഴുന്നേറ്റില്ല. അവൾ കുലുക്കി വിളിച്ചു. ഇല്ല അനക്കമില്ല അവൾ മൂക്കിനു താഴെ ചൂണ്ടുവിരൽ ചേർത്തുവച്ചു. ഇല്ല അനക്കമില്ല. ആ വീടിന്റെ നിശ്ശബ്ദതയെ കീറിമുറിച്ചുകൊണ്ട് ഒരു നിലവിളി പാഞ്ഞു. അത് കടവാവലുകളെ പായിച്ചു. പിന്നെ അയൽ ക്കാരായി.. ബഹളമായി. എങ്കിലും ഒരു നിശബ്ദത അവിടെ തളം കെട്ടി നിന്നു. അയാളുടെ വീട്ടുകാർ അയാളെ കൊന്നത് അവളാണ് എന്ന് മുദ്ര കുത്തി. അവൾ കരഞ്ഞില്ല. ആർക്കു വേണ്ടി കരയാൻ. ഇന്നവൾ തനിച്ചാണ്. വെറുതെയിരുന്ന് മടുത്തു. തന്റെ മുറിയിലെത്തി. തന്റെ പ്രിയതമൻ അവസാന നിമിഷങ്ങൾ ചിലവിട്ട മുറി. അവിടെ

മേശമേൽ ഒരു ഫയൽ. പോസ്റ്റ്മോർട്ടം റിപ്പോർട്ടായിരുന്നു. അയൽക്കാരിലാരോ വച്ചതാണ്. അവൾ തപ്പിത്തടഞ്ഞ് അത് വായിച്ചു. ഹൃദയാഘാതമാണ് മരണ കാരണം. അവിടെ മടക്കി വച്ചു. ഹാങ്ങറിൽ പ്രിയതമൻ അവസാനമായിട്ട ഷർട്ട് അവൾ കയ്യിലെടുത്തു. അതിൽനിന്ന് ഒരു തുണ്ട് കടലാസ് കിട്ടി. അത് ബാങ്കിന്റെ ജപ്തി നോട്ടീസായിരുന്നു. അവൾ തരിച്ചു പോയി. ഈ കാരണത്താലാണ് അയാൾക്ക് ഹൃദയാഘാതം സംഭവിച്ചത്. ഈ വേദനകളൊന്നും അവൾ അറിഞ്ഞിരുന്നില്ല. ബാങ്കിൽ ചെന്നവൾ കാര്യങ്ങൾ അന്വേഷിച്ചു. മൂന്നുലക്ഷത്തിൻ മേലെയാണ് കടം. എന്ത് ചെയ്യും. കടം ക്ലോസാക്കാനുള്ള മാർഗങ്ങൾ അവൾ അന്വേഷിച്ചു. ആദ്യമാദ്യം ഉത്സാഹം ഉണ്ടായിരുന്ന ബാങ്ക് ഉദ്യോഗസ്ഥരുടെ സ്വഭാവം മാറി. ഇപ്പോൾ അവളെ കാണുന്നതേ കലിയാണ്. ബാങ്കിൽ കയറിയിറങ്ങി അവളുടെ ചെരുപ്പിൽ ഓട്ട വീണിരിക്കുന്നു. അവളുടെ കയ്യിൽ സമ്പാദ്യമെന്നു പറയാൻ നൂറ് രൂപയെ ഉണ്ടായിരുന്നുള്ളൂ. അതും കഴിഞ്ഞാൽ ഇനി എന്ത് ചെയ്യും. ഒരു വലിയ ചോദ്യ ചിഹ്നം അവളുടെ ഉള്ളിൽ രൂപപ്പെട്ടു. അതിനൊപ്പം മറ്റൊരു ചോദ്യവും മൂന്നുലക്ഷം എങ്ങനെ അടക്കും. അവൾ ഒന്നു കൂടി ബാങ്കിൽ ചെന്നു. അവർ അവളെ പരിഹസിച്ചു. വണ്ടിക്കൂലി കഴിച്ച് അവളുടെ കയ്യിൽ ഇനി 93 രൂപയുണ്ട്. ജീർണ്ണിച്ച പേഴ്സിൽ നിന്ന് അവൾ അതെടുത്തു. അപ്പോഴാണ് ചികിത്സാ സഹായം എന്നെഴുതിയ ചില്ലുപെട്ടി അവൾ കണ്ടത്. ആ പണം അതിലിട്ടു. ജപ്തി നോട്ടിസിന്റെ പിറകിൽ എന്തോ

കുറിച്ചു. ആ പടികൾ ഓരോന്നായി അവൾ കയറി. അത് കയറുമ്പോൾ അവളുടെ പ്രിയതമനുമായുള്ള ദൂരം കുറഞ്ഞുവന്നു. ഒടുവിൽ ആ കെട്ടിടത്തിനു മുകളിൽ നിന്നവൾ ചാടി. ഒപ്പം ആ കടലാസും. പെട്ടന്നാണ് റോഡിനു നടുവിൽ ഒരു സ്ത്രീയുടെ ജഡം വീണത്. അത് രക്തത്തിൽ കുതിർന്നതായിരുന്നു. ഒപ്പം ഒരു കടലാസും. ജനങ്ങൾ ഓടിക്കൂടി. അതിലൊരുവൻ ആ കടലാസെടുത്ത് വായിച്ചു. അതിൽ അവ്യക്തമായ അക്ഷരത്തിൽ ഇങ്ങനെ എഴുതിയിരുന്നു. ജനങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ ജനാധിപത്യത്തിനെ കാർന്നു തിന്ന ഭീകരൻമാർക്കെതിരെ.


അക്ഷയ പി

**10 B**

# സൂര്യൻ

പകലിൻ വെട്ടവുമായിട്ടെന്നും
പകലത്തെത്തും പതിവായി
രാത്രിയിലോ കൈത്തിരികളുമായി
താരകളെത്തും പതിവായി
ആരാണീ വകയെല്ലാം നമ്മൾക്കേകുവ-
തിങ്ങനെയെല്ലാം ഒരുപോലെ....
ആ ജഗദീശനെ രാവും പകലും
താണു വണങ്ങും ഈ നമ്മൾ
ബാലകരാം നമ്മളെല്ലാം സ്തുതി ചെയ്യുന്നു
ഇനിയും കരുണ ചൊരിഞ്ഞീടാൻ.....

നയന സത്യൻ
**VIII C**



# ഓർമ്മക്കാലം

ചെപ്പുകളിൽ ഒളിപ്പിച്ച
മുത്തുപോലെ
പുസ്തകതാളിൽ വിശ്രമിക്കുന്ന
മയിൽപ്പീലിപോലെ
വൈവിധ്യത്തിന്റെ വസന്തകാലമായ്
ഒരു ഓർമ്മക്കാലം
എന്നിൽ തങ്ങി നിൽക്കുന്നു


**ആദിത്യ.എം.സ് (8.എ)**



# Rain

**The rain has come**
**The leaves are murmuring**
**The breeze has come**
**The trees are dancing**
**The rain has gone**
**The rainbow has come**
**When the sun rise**
**The children started to play again**

**Kshyap P Lakshmanan**
**(5 B)**




# എന്റെ സ്വപ്നം

പൂവായ് എല്ലാവർക്കും എപ്പോഴും
സന്തോഷം നൽകാൻ ഞാനാഗ്രഹിക്കുന്നു
കാറ്റായി എല്ലാവർക്കും സുഖമുള്ള
കുളിർമ്മ നൽകാൻ ഞാനാഗ്രഹിക്കുന്നു
ചന്ദ്രനെപ്പോലെയെല്ലാവർക്കും
പാൽനിലാവു നൽകാൻ
ഞാനാഗ്രഹിക്കുന്നു
മിത്രമായെല്ലാവരെയും നന്നായി
സ്നേഹിക്കാൻ ഞാനാഗ്രഹിക്കുന്നു
ഒരു നല്ല വിദ്യാർത്ഥിയായി വളർന്നു
ഉയരങ്ങളിലെത്താൻ ഞാനാഗ്രഹിക്കുന്നു
എന്റെ ഗുരുക്കന്മാരുടെ ഏറ്റവും
നല്ല ശിഷ്യയായി തീരുവാൻ
ഞാനാഗ്രഹിക്കുന്നു
എന്റെ  മാതാപിതാക്കൾക്കും ഏട്ടനും
വാത്സല്യമുള്ള മകളും അനിയത്തി
യുമാകാനും ഞാനാഗ്രഹിക്കുന്നു
എല്ലാറ്റിനുമുപരി സമൂഹത്തിനു
നന്മ ചെയ്യുന്ന നല്ല വ്യക്തിയായി
തീരാൻ ഞാനാഗ്രഹിക്കുന്നു

ആഷ്‌ലിൻ മരിയ

5B

# RAIN DROPS



**Raindrops smiled at me**
**I felt cool**
**I love this rain**
**My beautiful rain**
**I will dance in the rain**
**I will sing with you**
**I will play in the rain**
**please come with me**

**Devananda Dileep**
**5B**



# രവീന്ദ്രനാഥ് ടാഗോർ

ഭാരതത്തിനുമാത്രമല്ല പൗരസ്ത്യദേശത്തിനാകമാനം അഭിമാനിക്കാവുന്ന നാമമാണ് ടാഗോർ എന്നത്. നോബൽ സമ്മാനം ആദ്യമായി നേടിയ ഇന്ത്യക്കാരൻ മാത്രമല്ല അദ്ദേഹം ആദ്യത്തെ ഏഷ്യക്കാരനും കൂടിയാണ് .തത്വചിന്തകൻ, ചിത്രകാരൻ, വിദ്യാഭ്യാസ വിചക്ഷണൻ, കവി, സഞ്ചാരി, കഥാകൃത്ത് എന്നിവയൊക്കെയായ ടാഗോർ തന്നെയാണ് ഭാരതത്തിന്റെ ദേശീയഗാനത്തിന്റെ രചയിതാവും . ബംഗാളിൽ കൊൽക്കത്തയിലെ യെറാസ് കോ പ്രവിശ്യയിൽ 1861 മെയ് 7 ന് രാവീന്ദ്രനാഥടാഗോർ ജനിച്ചത്. 1941 ആഗസ്ത് 7 ന് ഉച്ചയ്ക്ക് 12.15 ന് അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.

മാളവിക

4 A

# കേരളീയ നാടൻ കലാരൂപം



കഥകളി



പടയണി



തിരുവാതിര



മോഹിനിയാട്ടം



ചാക്യാർകൂത്ത്



തെയ്യം



പുലികളി



കളരി പയറ്റ്



മാർഗ്ഗം കളി

# പഴഞ്ചൊല്ലുകൾ

1.ഓടിയമ്പതു കിട്ടുന്നതിനെക്കാൾ
ഇരുന്ന് ഒമ്പതു കിട്ടുന്നതു നന്ന്

2.പൂച്ച വീണാലും  തഞ്ചത്തിലേ വീഴൂ
പൂച്ച വീണാൽ നാലു കാലിൽ

3.പന്നിയുടെ മുന്നിൽ മുത്തിടരുത്

4.പരുത്തിക്കടയിൽ നായയ്ക്കെന്താ കാര്യം

5.വഞ്ചി പിന്നെയും തിരുനക്കര തന്നെ

**6.വരാഹൻ കൈയിലുണ്ടെങ്കിൽ ജരാനര വിഭൂഷണം**

**7.മൂർഖൻ പാമ്പിന്റെ  മുഖം മുത്തരുത്**

**8.എല്ലാം അറിഞ്ഞവനും ഒന്നും അറിയാത്തവനുമില്ല**

**9.ഈരെട്ടുത്താൽ പേൻ കൂലി**

**10.കാളകിടക്കും കയറോട്ടം**



# ഗണിതം ക്വിസ്സ്

1. ഏറ്റവും പുരാതനവും ലളിതവുമായ കണക്കു കൂട്ടൽ ഉപകരണം ഏതാണ് ?

2. പ്രതിഭാശാലിയായ നിത്യരോഗിയായഗണിതശാസ്ത്രജ്ഞൻ ആര് ?

3. നെപ്പോളിയൻെറ ഉപദേഷ്ടാവായിരുന്ന ഗണിതശാസ്ത്രജ്ഞൻ ആര് ?

4. മനുഷ്യ കമ്പ്യൂട്ടർ എന്ന നിലയിൽ കഴിവ് പ്രകടിപ്പിക്കാൻ സദസ്സിനെ അഭിമുഖീകരിച്ച ആദ്യവ്യക്തി ആരാണ് ?

5. സംഗീതത്തിന് ബീജഗണിതത്തോട് വളരെ സാമ്യമുണ്ട് എന്ന് പറഞ്ഞത് ആരാണ് ?

6. പുരാതന കാലത്തെ പ്രസിദ്ധനായ ഒരു സഞ്ചാരിയുടെ വാക്കുകളാണ് "നൈൽ നദിയുടെ ദാനമാണ് ജ്യാമിതി"എന്നത്. ഇത് ആരുടെ വാക്കുകളാണ് ?

7. ഗുണനത്തെ സൂചിപ്പിക്കാൻ ഇന്ന് നിലവിലുള്ള ചിഹ്നം ആദ്യമായി ഉപയോഗിച്ചത് ആര് ?


8. ഏറ്റവും ചെറിയ എണ്ണൽ സംഖ്യ ഏത് ?

9. മില്ലേനിയം എന്നറിയപ്പെടുന്നതെന്ത് ?

10. ഒരു എണ്ണൽ സംഖ്യയെ 2 കൊണ്ട് ഗുണിച്ചാലും 2 കൂട്ടിയാലും ഒരേ ഫലം കിട്ടുന്നു. ഏതാണാ സംഖ്യ ?

# ഉത്തരം

1. അബാക്കസ്
2. ജോർജ്ജ് എഫ് റീമാൻ
3. ഗാസ് പാഡ് മോൻഗി
4. സെറാ കോൾബേൺ
5. നൊവാലിസ്
6. ഹെറോഡോട്ടസ്
7. വില്യം ഔട്ട്റെഡ്
8. ഒന്ന്
9. 1000
10. 2




ഷീന ജെ

HST MATHS

# ചോദ്യങ്ങൾ

1. കേരളത്തിലെ ആദ്യ ഗ്രന്ഥശാല ഏത് ?
2. കിഴക്കിന്റെ കാശ്മീർ എന്നറിയപ്പെടുന്ന വിനോദ സഞ്ചാര കേന്ദ്രം ?
3. റേഡിയം കണ്ടുപിടിച്ച ശാസ്ത്രജ്ഞ ആര് ?
4. നെഹ്റുവിന്റെ അന്ത്യ വിശ്രമ സ്ഥലം ഏത് ?
5. ഓസ്കാർ അവാർഡ് നേടിയ ആദ്യ മലയാളി ആര് ?
6. ക്ലോണിംഗിലൂടെ സൃഷ്ടിച്ച ആദ്യ മൃഗം ?
7. ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് ആര് ?
8. സൂര്യ ഗ്രഹണ സമയത്ത് സൂര്യ പ്രകാശം ഭാഗികമായി പതിക്കുന്ന സ്ഥലത്തെ എന്ത് വിളിക്കുന്നു ?
9. മാപ്പ് നിർമ്മിക്കുന്നവരെ എന്തു വിളിക്കുന്നു ?
10. ചന്ദ്രനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്ര ശാഖ ?
11. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ജ്യോതി ശാസ്ത്രാലയം ഏത് ?
12. ഝാൻസി റാണിയുടെ യഥാർത്ഥ പേര് എന്ത് ?
13. സാധാരണ ഊഷ്മാവിൽ ദ്രാവകാവസ്ഥയിലുള്ള ലോഹം ?
14. ഭൂമിയിലെ ഏറ്റവും ആഴം കൂടിയ ഗർത്തം ?
15. മനുഷ്യനെ ചന്ദ്രനിലേക്ക് അയക്കാനുള്ള ഇന്ത്യയുടെ ദൗത്യം ?
16. ഫിഫയുടെ ആസ്ഥാനം എവിടെ ?
17. 2019 ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക് ?
18. നോബേൽ സമ്മാനം ലഭിച്ച ആദ്യത്തെ ഏഷ്യക്കാരൻ ?
19. 2019 ലെ വള്ളത്തോൾ അവാർഡ് ലഭിച്ചതാർക്ക് ?
20. കാൽക്കുലേറ്റർ കണ്ടുപിടിച്ചതാര് ?



## ഉത്തരങ്ങൾ

1. തിരുവനന്തപുരം പബ്ലിക് ലൈബ്രറി
2. മൂന്നാർ
3. മേരി ക്യൂറി (മാഡാം ക്യൂറി)
4. ശാന്തിവനം
5. റസൂൽ പൂക്കുട്ടി
6. ഡോളി എന്ന ചെമ്മരിയാട്
7. എം.എസ് സ്വാമിനാഥൻ
8. അമ്പ്ര
9. കാർട്ടോഗ്രാഫർ
10. സെലനോളജി
11. ഹാൻലെ നിരീക്ഷണാലയം
12. മണികർണിക
13. മെർക്കുറി
14. ചലഞ്ചർ ഗർത്തം
15. ഗഗൻയാൻ
16. സൂറിച്ച്
17. സച്ചിദാനന്ദൻ
18. രവീന്ദ്രനാഥടാഗോർ
19. പോൾ സക്കറിയ
20. ബ്ലേസ് പാസ്കൽ


അഭിമന്യു പി


9 B

# വരകളും വർണ്ണങ്ങളും










# നന്ദി